പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1200 30.09.2011 - ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിന്റെ വിഭജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിന്റെ വിഭജനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) യും (ബി) യും (സി) യും | സഹകരണ വകുപ്പിനെ സഹകരണ സംഘം രജിസ്ട്രാറുടെ പൊതുനിയന്ത്രണത്തിൽ സഹകരണ ഓഡിറ്റ്/ജനറൽ വിഭാഗങ്ങളായി വിഭജിച്ചും ഓഡിറ്റ് വിഭാഗത്തിന്റെ തലവനായി ആഡിറ്റ് ഡയറക്ടറെ നിയമിച്ചും ജി.ഒ.(എം.എസ്) നം.17/2011/സഹ തീയതി 29/01/2011, ജി.ഒ.(എം.എസ്) നം.24/2011/സഹ തീയതി 16/02/2011എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആഡിറ്റ് സമകാലീനമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ വേണ്ടിയാണ് വിഭജനം നടത്തുന്നത്. സഹകരണ വകുപ്പിൽ നിലവിലുള്ള തസ്തികകൾ ഷിഫ്റ്റ് ചെയ്താണ് ഓഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടുള്ളത്. വകുപ്പിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം നിയമിക്കുമ്പോൾ ഏതെങ്കിലും വിഭാഗത്തിൽ അനുവദിച്ച തസ്തികകളേക്കാൾ കൂടുതൽ ഓപ്ഷൻ സമർപ്പിക്കപ്പെടുന്നുവെങ്കിൽ ജൂനിയർ ആയിട്ടുള്ളവരെ മറ്റേ വിഭാഗത്തിലേയ്ക്ക് മാറ്റേണ്ടതും ഏതെങ്കിലും വിഭാഗത്തിൽ ഓപ്ഷൻ സമർപ്പിച്ചവർ കുറവാണെങ്കിൽ കൂടുതൽ ഓപ്ഷൻ സമർപ്പിച്ച വിഭാഗത്തിലെ ജൂനിയർമാരെ കുറവുള്ള വിഭാഗത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ഓപ്ഷൻ സമർപ്പിക്കുന്നതിന് കൂടുതൽ സമയം ജീവനക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. |
| (ബി) | വിഭജനം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; | | |
| (സി) | എന്നാണ് വകുപ്പ് വിഭജനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത് ? | | |

സെക്ഷൻ ഓഫീസർ